
**കേരള സർക്കാർ**

# കേരള പൊതുവിപണി വില അവലോകനം
# നവംബർ
# 2017




**പ്രൈസസ് വിഭാഗം**
**സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്**
**തിരുവനന്തപുരം**
**2017**

കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം എല്ലാ ദിവസവും 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ ശേഖരിക്കുകയും വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളീകരിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പ് ഏറ്റെടുത്ത ഒരു ഉദ്യമമാണ് പ്രൈസ് ബുള്ളററിൻ എന്ന പ്രസിദ്ധീകരണം മലയാളീകരിക്കൽ. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി "കേരള പൊതുവിപണി വില അവലോകനം" എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും, വകുപ്പിന്റെ ഇൻവെസ്റ്റിഗേറ്റർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

ഒപ്പ്

തിരുവനന്തപുരം — വി. രാമചന്ദ്രൻ

16/12/2017 — ഡയറക്ടർ ജനറൽ

## ആമുഖം

കേരളത്തിൽ പൊതു വിപണിയിൽ വിൽപനയ്ക്കായി എത്തിക്കുന്ന വസ്തുക്കളിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്നവയാണ്. ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു. കാലാവസ്ഥാ വ്യതിയാനം, കലാപങ്ങൾ, സമരങ്ങൾ, ഇന്ധന വില വർദ്ധനവ്, സംസ്ഥാനാന്തര ബന്ധങ്ങൾ, അന്യസംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധീനിക്കുന്നു. ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനും വളരെ ശ്രമകരമായ ജോലിയായി മാറുന്നു ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനു വേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ച് അവലോകനം നടത്തി സർക്കാരിനു നൽകുന്ന ഉദ്യമമാണു ഈ പ്രസിദ്ധീകരണം.

അവലോകനമാസമായ നവംബറിൽ വിപണി വിലയെ സ്വാധീനിക്കാവുന്ന തരത്തിൽ പ്രധാനമായും രണ്ട് കാര്യങ്ങളാണ് ഉണ്ടായിരുന്നത്.

1. ശബരിമലയിൽ മണ്ഡല കാലത്തിന്റെ ആരംഭം

2. തമിഴ്നാടിലും കേരളത്തിന്റെ തെക്കൻ തീരങ്ങളിലും ആഞ്ഞടിച്ച ഓഖി ചുഴലിക്കാററും കനത്ത പേമാരിയും.

ഇത് രണ്ടും വരും മാസങ്ങളിലെ വിപണി വിലയെ സ്വാധീനിച്ചേക്കാമെന്നു വിപണി വൃത്തങ്ങൾ അറിയിച്ചു.

ശബരിമല സീസൺ ആയതോടുകൂടി വിപണിയിൽ പച്ചക്കറി വില വർദ്ധിക്കനുള്ള സാധ്യത ഉണ്ട്. അതുപോലെതന്നെ കഴിഞ്ഞ ഏതാനും മാസങ്ങളായി കുറഞ്ഞു വരുന്ന ഇറച്ചിക്കോഴിയുടെ വിലയിൽ വീണ്ടും കുറവ് വരാനുള്ള സാധ്യത കാണുന്നു. എന്നാൽ 'ഓഖി' ചുഴലിക്കാററ് മൽസ്യത്തിന്റെ ലഭ്യതയെ ബാധിക്കുകയാണെങ്കിൽ അതു ഇറച്ചിക്കോഴിയുടെ വിലയിൽ താൽകാലികമായെങ്കിലുമുള്ള വില വർദ്ധനവിനു കാരണമായേക്കാം

ഓഖി ചുഴലിക്കാററും പേമാരിയും തമിഴ്നാടിന്റെയും കേരളത്തിന്റെയും തെക്കൻ ജില്ലകളിൽ വ്യാപകമായ കൃഷിനാശം വരുത്തിയിട്ടുണ്ട്. ആയത് വരും മാസങ്ങളിൽ പച്ചക്കറി, വാഴപ്പഴം, ഏത്തപ്പഴം എന്നിവയുടെ വിലയെ സ്വധീനിച്ചേക്കാം.

അരിയുടെ വിലയിൽ തുടർച്ചയായി ഉണ്ടായ കുറവ് നവംബർ മാസത്തിലും തുടർന്നു ഡിസംബർ മാസത്തിലും ഇത് തുടരാനാണു സാദ്ധ്യത. ഓണത്തോട് അനുബന്ധിച്ച് സർക്കാരിന്റെ ഇടപെടൽ കാരണം വിപണിയിൽ വൻ തോതിൽ അരി ലഭ്യമാകുകയും, തുടർന്ന് സ്വകാര്യ മില്ലുകൾ വിപണിയിൽ കൂടുതലായി അരി ലഭ്യമാക്കുകയും ചെയ്തതോടെയാണു വിപണിയിൽ വിലക്കുറവ് അനുഭവപ്പെട്ടത്.

വെളിച്ചെണ്ണയുടെ വില തുടർച്ചയായ വർദ്ധനവിലേക്ക് കുതിക്കുകയാണ്. കഴിഞ്ഞ വർഷത്തെ രൂക്ഷമായ വരൾച്ചയെ തുടർന്ന് തേങ്ങയുടെ ഉൽപാദനം കുറയുകയും വിപണിയിൽ ലഭ്യത കുറയുകയും ചെയ്തതിനാലാണു വിലക്കയററം രൂക്ഷമായത്.

ഉള്ളിയുടെ വിലവർദ്ധനവിൽ യാതൊരു മാററവും നവംബർ മാസത്തിലും ഉണ്ടായില്ല ഉള്ളിയുടെ വിളവെടുപ്പു സീസൺ ആരംഭിക്കുന്നതോടെ ഡിസംബർ അവസാനത്തോടെയോ, ജനുവരിയോടുകൂടിയോ ഉള്ളിയുടെ വിലയിൽ കുറവ് ഉണ്ടാകുമെന്നാണു പ്രതീക്ഷിക്കുന്നത്.

ഇറച്ചിക്കോഴിയുടെയും കോഴിമുട്ടയുടെയും വില വിപരീത ദിശയിൽ പോകുന്നതാണ് അവലോകനമാസത്തിൽ ദൃശ്യമായത്.


കേരളത്തിന്റെ പ്രധാന നാണ്യവിളകളിലൊന്നായ കുരുമുളകിന്റെ വില നാൾക്കുനാൾ കുറഞ്ഞുവരുന്നത് കർഷകരെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ഇറക്കുമതി ചെയ്ത കുരുമുളക്, വിപണിയിൽ സുലഭമായതാണ് വിലക്കുറവിനുള്ള പ്രധാന കാരണമായി വിലയിരുത്തപ്പെടുന്നത്.

## 1. ധാന്യങ്ങൾ

അരിയുടെ വിലയിൽ തുടർച്ചയായി ഉണ്ടായ കുറവ് പൊതുവെ നവംബർ മാസത്തിലും തുടർന്നു മാസാവസാനം വെള്ള അരിയുടെ വില 40 ൽ താഴെയും ചുവപ്പ് അരിയുടെ വില 45 ൽ താഴെയും എത്തിനിൽക്കുന്നു. ഓണത്തോട് അനുബന്ധിച്ച് സർക്കാരിന്റെ വിപണിയിലുള്ള ഇടപെടൽ കാരണം വിപണിയിൽ കൂടുതലായി അരി ലഭ്യമാകുകയും തുടർന്ന് സ്വകാര്യ മില്ലുകൾ വൻ തോതിൽ വിപണിയിൽ അരി ലഭ്യമാക്കുകയും ചെയ്തതോടെയാണു വിലക്കുറവ് അനുഭവപ്പെട്ടത്

എന്നാൽ കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ വില ഇപ്പോഴും ഉയർന്നു തന്നെയാണു നിൽക്കുന്നത്.

| നം | ഇനങ്ങൾ | അളവ് | നവംബർ 2016 | ഒക്ടോബർ 2017 | നവംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | **35.70** | **43.17** | **42.26** | **-2.11** | **18.38** |
| 2 | ചമ്പ | കിലോഗ്രാം | **34.13** | **42.38** | **42.63** | **0.59** | **24.90** |
| 3 | റോസ് | കിലോഗ്രാം | **35.22** | **42.89** | **42.11** | **-1.82** | **19.56** |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | **32.85** | **38.00** | **38.38** | **1.00** | **16.83** |
| 5 | ജയ | കിലോഗ്രാം | **33.44** | **40.44** | **39.83** | **-1.49** | **19.13** |
| 6 | ഗോതമ്പ് | കിലോഗ്രാം | **32.87** | **32.33** | **32.27** | **-0.18** | **-1.81** |




## II. പയർ വർഗ്ഗങ്ങൾ

പയർ വർഗ്ഗങ്ങളുടെ വിലയിൽ മാസങ്ങളായി കണ്ടു വരുന്ന കുറവ് അവലോകന മാസത്തിലും തുടർന്നു. വിപണിയിൽ പയർ വർഗ്ഗങ്ങളുടെ ലഭ്യത കൂടിയതാണു തുടർച്ചയായ വിലക്കുറവിനു കാരണം. അന്യ സംസ്ഥാനങ്ങളിൽ നിന്നും ധാരാളമായി പയർ വർഗ്ഗങ്ങൾ വിപണിയിൽ എത്തുന്നുണ്ട്. ഡിസംബർ മാസത്തിലും ഈ കുറവ് തുടരാനാണു സാധ്യതെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ എല്ലാ ഇനങ്ങൾക്കും ഈ കുറവ് ദൃശ്യമാണ്.


| നം | ഇനങ്ങൾ | അളവ് | നവംബർ 2016 | ഒക്ടോബർ 2017 | നവംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | **84.27** | **85.34** | **84.18** | **-1.36** | **-0.11** |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | **101.11** | **90.63** | **90.27** | **-0.40** | **-10.72** |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | **139.86** | **99.93** | **98.05** | **-1.88** | **-29.89** |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | **131.77** | **94.29** | **90.29** | **-4.24** | **-31.48** |
| 5 | വൻപയർ | കിലോഗ്രാം | **78.71** | **76.98** | **74.46** | **-3.27** | **-5.40** |
| 6 | തുവരപരിപ്പ് | കിലോഗ്രാം | **132.30** | **85.61** | **84.71** | **-1.05** | **-35.97** |
| 7 | കടല(വലുത്) | കിലോഗ്രാം | **131.51** | **97.89** | **95.20** | **-2.75** | **-27.61** |
| 8 | കടല(ചെറുത്) | കിലോഗ്രാം | **121.68** | **83.06** | **80.39** | **-3.21** | **-33.93** |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | **45.79** | **41.19** | **41.67** | **1.17** | **-9.00** |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | **96.49** | **73.42** | **71.71** | **-2.33** | **-25.68** |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

ഈ ഇനത്തിൽ ഇറച്ചികോഴിയുടെയും കോഴിമുട്ടയും ഒഴികെയുള്ള ഇനങ്ങൾക്ക് കാര്യമായ വില വ്യത്യാസമില്ലാതെ നിലകൊണ്ടു. ഇറച്ചികോഴിയുടെയും കോഴിമുട്ടയുടെയും വില വിപരീത ദിശയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നതാണ് അവലോകന മാസത്തിൽ കണ്ടത്. ഇറച്ചിക്കോഴിയുടെ വില ശബരിമല സീസൺ ആയതോടുകൂടി വീണ്ടും കുറയാനാണു സാധ്യത. എന്നാൽ ഓഖി ചുഴലിക്കാററ് മൽസ്യത്തിന്റെ ലഭ്യതയെ ബാധിക്കുകയാണെങ്കിൽ അതു ഇറച്ചിക്കോഴിയുടെ വിലയിൽ താൽകാലികമായെങ്കിലുമുള്ള വില വർദ്ധനവിനു കാരണമായേക്കാം അതേ സമയം കോഴിമുട്ടയുടെ വില പല ജില്ലകളിലും ഒരെണ്ണത്തിനു ആറു രൂപ വരെ റിപ്പോർട്ട് ചെയ്തു. ഏററവും കൂടുതൽ മുട്ട ഉൽപാദനം നടക്കുന്ന നാമക്കലിൽ മുട്ടയുടെ ലഭ്യത കുറഞ്ഞതും ഉത്തരേന്ത്യയിൽ മുട്ടയുടെ ഉപഭോഗം വർദ്ധിച്ചതും കാരണമാണു കേരള വിപണിയിൽ മുട്ടയുടെ വില വർദ്ധനയ്ക്ക് കാരണമെന്നാണു വിപണിയിൽ നിന്നുള്ള വിവരം.


| നം | ഇനങ്ങൾ | അളവ് | നവംബർ 2016 | ഒക്ടോബർ 2017 | നവംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 40.00 | 43.04 | 42.79 | -0.58 | 6.98 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 132.90 | 141.83 | 141.06 | -0.54 | 6.14 |
| 3 | ശർക്കര | കിലോഗ്രാം | 54.79 | 58.82 | 58.27 | -0.94 | 6.35 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 54.29 | 52.11 | 63.90 | 22.63 | 17.70 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 493.93 | 515.71 | 517.32 | 0.31 | 4.74 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 99.60 | 99.46 | 94.71 | -4.78 | -4.91 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.86 | 147.82 | 147.95 | 0.09 | 0.06 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 159.52 | 160.69 | 160.98 | 0.18 | 0.92 |



## IV. എണ്ണയും ഏണ്ണക്കുരുക്കളും

തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വില അവലോകനമാസമായ നവംബറിലും തുടർന്നു. ശബരിമല സീസൺ തുടങ്ങിയതോടെ ഈ വർദ്ധനവ് ഡിസംബറിലും തുടരാനാണു സാദ്ധ്യതയെന്ന് വിപണി വൃത്തങ്ങൾ അറിയിച്ചു. കഴിഞ്ഞ വർഷത്തെ രൂക്ഷമായ വരൾച്ചയെ തുടർന്നു തേങ്ങയുടെ ഉൽപാദനം കുറഞ്ഞതും, ഇളനീരിന്റെ ഉപഭോഗം കൂടിയതും വില വർദ്ധനയ്ക്ക് കാരണമായി പറയുന്നു. ഫെബ്രുവരിയോടുകൂടി വിലക്കുറവ് ഉണ്ടാകുമെന്നാണു വിപണിയിൽ നിന്നുള്ള പ്രതീക്ഷ.

| നം | ഇനങ്ങൾ | അളവ് | നവംബർ 2016 | ഒക്ടോബർ 2017 | നവംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 113.95 | 185.14 | 196.98 | 6.40 | 72.87 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 142.50 | 141.50 | 142.38 | 0.62 | -0.08 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 89.21 | 89.23 | 89.17 | -0.07 | -0.04 |
| 4 | നല്ലെണ്ണ | ലിററർ | 142.16 | 146.07 | 148.59 | 1.73 | 4.52 |
| 5 | കടുക് എണ്ണ | ലിററർ | 136.75 | 140.40 | 140.40 | 0.00 | 2.67 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 92.30 | 92.63 | 92.07 | -0.60 | -0.25 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 89.43 | 89.20 | 88.98 | -0.24 | -0.50 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 139.20 | 210.68 | 229.09 | 8.74 | 64.58 |



## V.സുഗന്ധ വ്യഞ്ജനങ്ങൾ


ഈ വിഭാഗത്തിൽ ഉള്ളി, മുളക്, പുളി എന്നിവയുടെ വിലയിൽ വർദ്ധനവ് രേഖപ്പെടുത്തി.

ഉള്ളിയുടെ വിലയിൽ കഴിഞ്ഞ മാസങ്ങളിൽ കണ്ടുവന്ന വർദ്ധനവ് നവംബർ മാസത്തിലും തുടർന്നു. മാസാന്ത്യത്തിൽ പല ജില്ലകളിലും 160 രൂപ വരെ റിപ്പോർട്ട് ചെയ്തു. ഉള്ളിയുടെ വിളവെടുപ്പു സീസൺ ആരംഭിക്കുന്നതോടെ ഡിസംബർ അവസാനത്തോടെയോ, ജനുവരി മുതലോ ഉള്ളിയുടെ വില കുറയാൻ സാധ്യത ഉണ്ടെന്നാണു വിപണിയിൽ നിന്നുള്ള പ്രതീക്ഷ.

കുരുമുളകിന്റെ വിലയിൽ തുടർച്ചയായ കുറവ് രേഖപ്പെടുത്തി. വിയററ്നാമിൽ നിന്നും ഇറക്കുമതി ചെയ്യുന്ന കുരുമുളക് ഉത്തരേന്ത്യൻ വിപണികളിൽ വ്യാപകമായത് വിലക്കുറവിനു കാരണമായി. ഇറക്കുമതി നയത്തിൽ മാററമുണ്ടായാൽ മാത്രമെ ഇതിനൊരു മാററം ഉണ്ടാവുകയുള്ളു

കേരളത്തിലെ രണ്ടു പ്രധാന നാണ്യവിളകളായ റബ്ബർ,കുരുമുളക് എന്നിവയുടെ വിലത്തകർച്ച കേരള സമ്പദ്വ്യവസ്തയെ പ്രതികൂലമായി ബാധിക്കുന്നതാണ്.

| നം | ഇനങ്ങൾ | അളവ് | നവംബർ 2016 | ഒക്ടോബർ 2017 | നവംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 111.52 | 89.98 | 88.34 | -1.82 | -20.79 |
| 2 | മുളക് | കിലോഗ്രാം | 147.44 | 89.20 | 93.38 | 4.69 | -36.67 |
| 3 | ഉള്ളി | കിലോഗ്രാം | 35.14 | 110.82 | 149.61 | 35.00 | 325.75 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 113.61 | 136.82 | 139.80 | 2.18 | 23.05 |
| 5 | ജീരകം | 100 ഗ്രാം | 27.46 | 28.73 | 28.96 | 0.80 | 5.46 |
| 6 | കടുക് | 100 ഗ്രാം | 8.96 | 8.80 | 8.78 | -0.23 | -2.01 |
| 7 | ഉലുവ | 100 ഗ്രാം | 10.80 | 9.61 | 9.41 | -2.08 | -12.87 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.68 | 18.14 | 18.34 | 1.10 | -1.82 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 16.14 | 8.70 | 8.70 | 0.00 | -46.10 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 742.10 | 552.88 | 542.88 | -1.81 | -26.85 |




## VI. കിഴങ്ങു വർഗ്ഗങ്ങൾ

അവലോകന മാസമായ നവംബറിൽ കഴിഞ്ഞ മാസത്തേത് പോലെ തന്നെ കാരററ്, ബീററ്റൂട്ട്, ഉരുളക്കിഴങ്ങ് എന്നിവയുടെ വിലയിൽ വർദ്ധനവ് രേഖപ്പെടുത്തി

കാരററിന്റെ വില കിലോഗ്രാമിനു 90 രൂപയോളം പല ജില്ലകളിലും ഈ കാലയളവിൽ രേഖപ്പെടുത്തി. ചേന, ചേമ്പ്, മരച്ചീനി എന്നിവയുടെ വിലയിൽ ഈ കാലയളവിൽ വിലക്കുറവ് രേഖപ്പെടുത്തി.

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ കാരററ് ,ബീററ്റൂട്ട് എന്നിവ യഥാക്രമം 69 ശതമാനം,89 ശതമാനം വർദ്ധനവും, മരച്ചീനി, ചേമ്പ്, ഉരുളക്കിഴങ്ങ് എന്നിവ 22 ശതമാനം, 13 ശതമാനം, 7 ശതമാനം വിലക്കുറവും രേഖപ്പെടുത്തി.

| നം | ഇനങ്ങൾ | അളവ് | നവംബർ 2016 | ഒക്ടോബർ 2017 | നവംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 38.05 | 38.48 | 37.61 | -2.26 | -1.16 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 30.09 | 23.93 | 23.43 | -2.09 | -22.13 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 29.84 | 24.79 | 25.98 | 4.80 | -12.94 |
| 4 | ചേമ്പ് | കിലോഗ്രാം | 54.77 | 55.13 | 51.09 | -7.33 | -6.72 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 31.02 | 49.93 | 51.43 | 3.00 | 65.80 |
| 6 | കാരററ് | കിലോഗ്രാം | 38.96 | 55.21 | 73.75 | 33.58 | 89.30 |




## VII. പച്ചക്കറി ഇനങ്ങൾ

പച്ചക്കറി ഇനങ്ങളിൽ ഏതാണ്ട് ഒക്ടോബർ മാസത്തെ അതേ ദിശയിൽ തന്നെ ആയിരുന്നു വിപണിയുടെ ചാഞ്ചാട്ടം. സവാള, കാബേജ്, തക്കാളി, പച്ചമുളക് എന്നിവയുടെ വിലയിൽ വർദ്ധനവ് രേഖപ്പെടുത്തി. ഏത്തയ്ക്ക(പച്ച), വാഴയ്ക്ക(പച്ച), ബീൻസ്, വള്ളിപ്പയർ, എന്നിവയുടെ വിലയിൽ ഈ കാലയളവിൽ കാര്യമായ വിലക്കുറവ് ദൃശ്യമായി. വഴുതന, മത്തങ്ങ, വെള്ളരിക്ക, പടവലങ്ങ, പാവയ്ക്ക, കുമ്പളങ്ങ എന്നിവയുടെ വിലയിൽ നേരിയ ഒരു വിലക്കുറവും കാണപ്പെട്ടു.

മഴ കാരണം വിള നശിച്ചതിനാൽ വിപണിയിൽ സവാള, തക്കാളി ഇവയുടെ ലഭ്യത കുറഞ്ഞതിനാലാണു വിലയിൽ കാര്യമായ വിലക്കയറ്റം ഉണ്ടായതെന്നു വിപണി വൃത്തങ്ങൾ അറിയിച്ചു. ഉള്ളിയുടെ വൻ തോതിലുള്ള വിലക്കയറ്റം സവാളയുടെ ഉപയോഗം വർദ്ധിപ്പിക്കുകയും ചെയ്തു.

ശബരിമല സീസൺ ആരംഭിച്ചതോടെ പച്ചക്കറി ഇനങ്ങളുടെ വില വർദ്ധിക്കാനുള്ള സാധ്യതയുണ്ടെന്നു വിപണിയിൽ നിന്നുള്ള വിവരം.


| നം | ഇനങ്ങൾ | അളവ് | നവംബർ 2016 | ഒക്ടോബർ 2017 | നവംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 19.48 | 37.20 | 47.86 | 28.66 | 145.69 |
| 2 | വഴുതന | കിലോഗ്രാം | 27.00 | 43.71 | 42.57 | -2.61 | 57.67 |
| 3 | മത്തങ്ങ | കിലോഗ്രാം | 17.98 | 22.88 | 22.25 | -2.75 | 23.75 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 17.46 | 24.13 | 23.55 | -2.40 | 34.88 |
| 5 | വെണ്ടക്ക | കിലോഗ്രാം | 30.09 | 33.57 | 34.11 | 1.61 | 13.36 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 35.55 | 59.75 | 51.77 | -13.36 | 45.63 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 52.55 | 60.32 | 55.11 | -8.64 | 4.87 |
| 8 | കാബേജ് | കിലോഗ്രാം | 25.91 | 52.96 | 59.75 | 12.82 | 130.61 |
| 9 | പാവയ്ക്ക | കിലോഗ്രാം | 40.25 | 52.84 | 52.41 | -0.81 | 30.21 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 18.82 | 24.93 | 24.79 | -0.56 | 31.72 |
| 11 | പടവലങ്ങ | കിലോഗ്രാം | 32.11 | 37.16 | 36.38 | -2.10 | 13.30 |
| 12 | തക്കാളി | കിലോഗ്രാം | 15.14 | 40.04 | 49.11 | 22.65 | 224.37 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.28 | 5.17 | 5.50 | 6.38 | 28.50 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 55.05 | 52.07 | 48.02 | -7.78 | -12.77 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 31.75 | 41.46 | 39.41 | -4.94 | 24.13 |



## VIII. ഭക്ഷ്യേതര വസ്തുക്കൾ

നോട്ട് നിരോധനത്തിനു ശേഷം നിർമ്മാണ മേഖലയിൽ കണ്ടുവരുന്ന മാന്ദ്യവും ജി എസ് ടി യും കാരണം അവലോകന മാസമായ നവംബറിലും സിമന്റിന്റെയും സ്റ്റീലിന്റെയും വിലയിൽ കുറവ് കാണിച്ചു. ഡിസംബർ മാസത്തിലും ഈ കുറവ് തുടരാനാണു സാധ്യതെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

| നം | ഇനങ്ങൾ | അളവ് | നവംബർ 2016 | ഒക്ടോബർ 2017 | നവംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 17.67 | 19.85 | 19.85 | 0.00 | 12.34 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 25.77 | 27.50 | 27.32 | -0.65 | 6.01 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 478.21 | 507.14 | 514.29 | 1.41 | 7.54 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 413.75 | 385.47 | 378.75 | -1.74 | -8.46 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 407.50 | 380.00 | 373.75 | -1.64 | -8.28 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 40.08 | 43.98 | 43.66 | -0.73 | 8.93 |




## IX. പഴവർഗ്ഗങ്ങൾ

പഴവർഗ്ഗങ്ങളിൽ മുസമ്പി, മാതളം എന്നിവ ഒഴികെയുള്ള മിക്ക ഇനങ്ങൾക്കും അവലോകന മാസമായ നവം ബറിൽ വിലക്കുറവ് രേഖപ്പെടുത്തി വാഴപ്പഴം, ഏത്തപ്പഴം എന്നിവയുടെ വിലയിൽ കുറെ കാലമായി കണ്ടു വരുന്ന കുറവ് അവലോകനമാസത്തിലും തുടർന്നു. ആഭ്യന്തര ഉൽപ്പാദനവും തമിഴ്നാട്ടിൽ നിന്നുള്ള വരവും വർദ്ധിച്ചതോടെയാണു ഏത്തപ്പഴം വാഴപ്പഴം എന്നിവയുടെ വിലയിൽ കുറവ് വന്നത്.

ഓഖി ചുഴലിക്കാററും പേമാരിയും തമിഴ്നാടിന്റെയും കേരളത്തിന്റെയും തെക്കൻ ജില്ലകളിൽ വ്യാപകമായ കൃഷിനാശം വരുത്തിയിട്ടുണ്ട്. ആയത് വരും മാസങ്ങളിൽ വാഴപ്പഴം,ഏത്തപ്പഴം എന്നിവയുടെ വിലയെ സ്വധീനിച്ചേക്കാന്നാണു വിപണിയിൽ നിന്നുള്ള സൂചന..

| നം | ഇനങ്ങൾ | അളവ് | നവംബർ 2016 | ഒക്ടോബർ 2017 | നവംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | **136.33** | **134.75** | **125.50** | **-6.86** | **-7.95** |
| 2 | മുസമ്പി | കിലോഗ്രാം | **77.40** | **54.90** | **60.67** | **10.51** | **-21.61** |
| 3 | മാതളം | കിലോഗ്രാം | **135.21** | **98.58** | **105.83** | **7.35** | **-21.73** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **114.53** | **109.13** | **110.30** | **1.07** | **-3.69** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **60.60** | **56.98** | **52.46** | **-7.93** | **-13.44** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **27.95** | **36.93** | **34.25** | **-7.25** | **22.56** |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | **47.79** | **64.30** | **62.46** | **-2.86** | **30.72** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **45.82** | **55.00** | **53.02** | **-3.60** | **15.71** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **26.25** | **33.34** | **32.02** | **-3.96** | **21.97** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **120.00** | **104.13** | **101.88** | **-2.16** | **-15.10** |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | **27.18** | **22.11** | **22.38** | **1.21** | **-17.67** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **90.26** | **78.57** | **77.69** | **-1.12** | **-13.92** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **57.56** | **66.25** | **61.81** | **-6.71** | **7.38** |



## അനുബന്ധം

| സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | | | | | | | |
|---|---|---|---|---|---|---|---|
| നം | ഇനങ്ങൾ | അളവ് | നവംബർ 2016 | ഒക്ടോബർ 2017 | നവംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | **35.70** | **43.17** | **42.26** | **-2.11** | **18.38** |
| 2 | ചമ്പ | കിലോഗ്രാം | **34.13** | **42.38** | **42.63** | **0.59** | **24.90** |
| 3 | റോസ് | കിലോഗ്രാം | **35.22** | **42.89** | **42.11** | **-1.82** | **19.56** |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | **32.85** | **38.00** | **38.38** | **1.00** | **16.83** |
| 5 | ജയ | കിലോഗ്രാം | **33.44** | **40.44** | **39.83** | **-1.49** | **19.13** |
| 6 | ഗോതമ്പ് | കിലോഗ്രാം | **32.87** | **32.33** | **32.27** | **-0.18** | **-1.81** |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | **84.27** | **85.34** | **84.18** | **-1.36** | **-0.11** |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | **101.11** | **90.63** | **90.27** | **-0.40** | **-10.72** |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | **139.86** | **99.93** | **98.05** | **-1.88** | **-29.89** |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | **131.77** | **94.29** | **90.29** | **-4.24** | **-31.48** |
| 5 | വൻപയർ | കിലോഗ്രാം | **78.71** | **76.98** | **74.46** | **-3.27** | **-5.40** |
| 6 | തുവരപരിപ്പ് | കിലോഗ്രാം | **132.30** | **85.61** | **84.71** | **-1.05** | **-35.97** |
| 7 | കടല(വലുത്) | കിലോഗ്രാം | **131.51** | **97.89** | **95.20** | **-2.75** | **-27.61** |
| 8 | കടല(ചെറുത്) | കിലോഗ്രാം | **121.68** | **83.06** | **80.39** | **-3.21** | **-33.93** |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | **45.79** | **41.19** | **41.67** | **1.17** | **-9.00** |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | **96.49** | **73.42** | **71.71** | **-2.33** | **-25.68** |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | **40.00** | **43.04** | **42.79** | **-0.58** | **6.98** |
| 2 | കരുപ്പെട്ടി | കിലോഗ്രാം | **132.90** | **141.83** | **141.06** | **-0.54** | **6.14** |
| 3 | ശർക്കര | കിലോഗ്രാം | **54.79** | **58.82** | **58.27** | **-0.94** | **6.35** |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | **54.29** | **52.11** | **63.90** | **22.63** | **17.70** |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | **493.93** | **515.71** | **517.32** | **0.31** | **4.74** |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | **99.60** | **99.46** | **94.71** | **-4.78** | **-4.91** |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | **147.86** | **147.82** | **147.95** | **0.09** | **0.06** |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | **159.52** | **160.69** | **160.98** | **0.18** | **0.92** |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | **113.95** | **185.14** | **196.98** | **6.40** | **72.87** |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | **142.50** | **141.50** | **142.38** | **0.62** | **-0.08** |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | **89.21** | **89.23** | **89.17** | **-0.07** | **-0.04** |
| 4 | നല്ലെണ്ണ | ലിററർ | **142.16** | **146.07** | **148.59** | **1.73** | **4.52** |
| 5 | കടുക് എണ്ണ | ലിററർ | **136.75** | **140.40** | **140.40** | **0.00** | **2.67** |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | **92.30** | **92.63** | **92.07** | **-0.60** | **-0.25** |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | **89.43** | **89.20** | **88.98** | **-0.24** | **-0.50** |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | **139.20** | **210.68** | **229.09** | **8.74** | **64.58** |

| നം | ഇനങ്ങൾ | അളവ് | നവംബർ 2016 | ഒക്ടോബർ 2017 | നവംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 111.52 | 89.98 | 88.34 | -1.82 | -20.79 |
| 2 | മുളക് | കിലോഗ്രാം | 147.44 | 89.20 | 93.38 | 4.69 | -36.67 |
| 3 | ഉള്ളി | കിലോഗ്രാം | 35.14 | 110.82 | 149.61 | 35.00 | 325.75 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 113.61 | 136.82 | 139.80 | 2.18 | 23.05 |
| 5 | ജീരകം | 100 ഗ്രാം | 27.46 | 28.73 | 28.96 | 0.80 | 5.46 |
| 6 | കടുക് | 100 ഗ്രാം | 8.96 | 8.80 | 8.78 | -0.23 | -2.01 |
| 7 | ഉലുവ | 100 ഗ്രാം | 10.80 | 9.61 | 9.41 | -2.08 | -12.87 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.68 | 18.14 | 18.34 | 1.10 | -1.82 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 16.14 | 8.70 | 8.70 | 0.00 | -46.10 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 742.10 | 552.88 | 542.88 | -1.81 | -26.85 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 38.05 | 38.48 | 37.61 | -2.26 | -1.16 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 30.09 | 23.93 | 23.43 | -2.09 | -22.13 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 29.84 | 24.79 | 25.98 | 4.80 | -12.94 |
| 4 | ചേമ്പ് | കിലോഗ്രാം | 54.77 | 55.13 | 51.09 | -7.33 | -6.72 |
| 5 | ബീററൂട്ട് | കിലോഗ്രാം | 31.02 | 49.93 | 51.43 | 3.00 | 65.80 |
| 6 | കാരററ് | കിലോഗ്രാം | 38.96 | 55.21 | 73.75 | 33.58 | 89.30 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 19.48 | 37.20 | 47.86 | 28.66 | 145.69 |
| 2 | വഴുതന | കിലോഗ്രാം | 27.00 | 43.71 | 42.57 | -2.61 | 57.67 |
| 3 | മത്തങ്ങ | കിലോഗ്രാം | 17.98 | 22.88 | 22.25 | -2.75 | 23.75 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 17.46 | 24.13 | 23.55 | -2.40 | 34.88 |
| 5 | വെണ്ടക്ക | കിലോഗ്രാം | 30.09 | 33.57 | 34.11 | 1.61 | 13.36 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 35.55 | 59.75 | 51.77 | -13.36 | 45.63 |
| 7 | വള്ളിപയർ | കിലോഗ്രാം | 52.55 | 60.32 | 55.11 | -8.64 | 4.87 |
| 8 | കാബേജ് | കിലോഗ്രാം | 25.91 | 52.96 | 59.75 | 12.82 | 130.61 |
| 9 | പാവയ്ക്ക | കിലോഗ്രാം | 40.25 | 52.84 | 52.41 | -0.81 | 30.21 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 18.82 | 24.93 | 24.79 | -0.56 | 31.72 |
| 11 | പടവലങ്ങ | കിലോഗ്രാം | 32.11 | 37.16 | 36.38 | -2.10 | 13.30 |
| 12 | തക്കാളി | കിലോഗ്രാം | 15.14 | 40.04 | 49.11 | 22.65 | 224.37 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.28 | 5.17 | 5.50 | 6.38 | 28.50 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 55.05 | 52.07 | 48.02 | -7.78 | -12.77 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 31.75 | 41.46 | 39.41 | -4.94 | 24.13 |

| നം | ഇനങ്ങൾ | അളവ് | നവംബർ 2016 | ഒക്ടോബർ 2017 | നവംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 17.67 | 19.85 | 19.85 | 0.00 | 12.34 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 25.77 | 27.50 | 27.32 | -0.65 | 6.01 |
| 3 | വിറക് (നാടൻ) | ക്വിന്റൽ | 478.21 | 507.14 | 514.29 | 1.41 | 7.54 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 413.75 | 385.47 | 378.75 | -1.74 | -8.46 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 407.50 | 380.00 | 373.75 | -1.64 | -8.28 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 40.08 | 43.98 | 43.66 | -0.73 | 8.93 |
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 136.33 | 134.75 | 125.50 | -6.86 | -7.95 |
| 2 | മുസമ്പി | കിലോഗ്രാം | 77.40 | 54.90 | 60.67 | 10.51 | -21.61 |
| 3 | മാതളം | കിലോഗ്രാം | 135.21 | 98.58 | 105.83 | 7.35 | -21.73 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 114.53 | 109.13 | 110.30 | 1.07 | -3.69 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 60.60 | 56.98 | 52.46 | -7.93 | -13.44 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 27.95 | 36.93 | 34.25 | -7.25 | 22.56 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 47.79 | 64.30 | 62.46 | -2.86 | 30.72 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 45.82 | 55.00 | 53.02 | -3.60 | 15.71 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 26.25 | 33.34 | 32.02 | -3.96 | 21.97 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 120.00 | 104.13 | 101.88 | -2.16 | -15.10 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 27.18 | 22.11 | 22.38 | 1.21 | -17.67 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 90.26 | 78.57 | 77.69 | -1.12 | -13.92 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 57.56 | 66.25 | 61.81 | -6.71 | 7.38 |